
# ബൈബിൾ ദൂതൻ



# EXCELLENT OFFER ALMOST FREE!

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This Is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O. Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# THE BIBLE TRUTH

Editors

P. K. VARGHESE   J. C. CHOATE

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 8   January 1995   No. 10


പുതുവർഷത്തിലേക്കു പ്രവേശിച്ചിരിക്കുന്ന നമ്മൾ ഓരോരുത്തരും പുതിയ പ്രതീക്ഷകൾ വച്ച് പുലർത്തുന്നവരാണ്. എന്നാൽ നമ്മിൽ എത്രമാത്രം പുതുമ നാം സ്വീകരിക്കാറുണ്ട്. പഴയ സ്വഭാവങ്ങൾ നമ്മിൽ ഉള്ള കാലത്തോളം പുതിയ സ്വഭാവങ്ങൾ ഉൾക്കൊള്ളുവാൻ കഴിയുകയില്ല. പഴയ ദുശീലങ്ങൾ എന്തു തന്നെയായാലും അവയെല്ലാം വർജ്ജിച്ച് സുശീലങ്ങൾ നേടിയെടുക്കണം. കോപത്തിനുപകരം ക്ഷമ ആർജ്ജിക്കുക. വിദ്വേഷത്തിനുപകരം സ്നേഹം വളർത്തിയെടുക്കുക. ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക; ശപിക്കുന്നവരെ അനുഗ്രഹിക്കുക. ദോഷ്ക്കിനുപകരം സത്യം സ്വീകരിക്കുക. അന്യായവും അനീതിയും ഉപേക്ഷിക്കുക. നീതി ജീവിതമുദ്രയാക്കുക. മററുള്ളവർക്കു നിങ്ങളാൽ പ്രയോജനം വരുന്നുവെങ്കിൽ മാത്രം നിങ്ങൾ ദൈവത്തിനു കൊള്ളാകുന്നവരാണ്. നഷ്ടപ്പെട്ടവയെല്ലാം വീണ്ടെടുക്കുവാൻ ഈ നവവർഷം നിങ്ങളെത്തന്നെ ദൈവത്തിൽ സമർപ്പിക്കുക. ഈ രീതിയിൽ നിങ്ങൾ ജീവിതത്തെ മാററിയാൽ നിങ്ങൾക്കുള്ളിൽ സന്തോഷവും സമാധാനവും ദൈവം പകരും. ഉണരുക, പ്രവർത്തിക്കുക, ഫലപ്രദമായ ഒരു വൃക്ഷത്തെപ്പോലെ നിങ്ങൾ ഓരോരുത്തരും ആയിത്തീരട്ടെ.



# സഭയെ പരിഹാസ്യമാക്കരുതു

**J. C. ചോട്ട്**

പ്രാധാന്യമില്ലാത്ത ഒരു മനുഷ്യനിർമ്മിത സംഘടനയായി സഭയെ ഒന്നുമല്ലാത്ത നിലയിലേക്കു തരം താഴ്ത്തുന്ന മതപരമായ ശ്രമമാണ് ധാരാളം ആളുകളിലും കാണപ്പെടുന്നതു. സ്വർഗ്ഗത്തിലേക്കു പോകുവാൻ ഒരു സഭയിൽ അംഗമാകേണ്ട ആവശ്യമില്ല എന്നു പോലും അവർ പറയും. അസംഖ്യം നാമധേയവിഭാഗങ്ങൾ ഇന്നുള്ളതുകൊണ്ട് പറഞ്ഞുകേൾക്കാറുള്ള ഒരു പ്രസ്താവനയാണ്, ''എല്ലാ സഭയും ഒരുപോലെയാണ്'' എന്ന്. ഈ നാമധേയ വിഭാഗങ്ങളെ എല്ലാം ഉയർത്തിപ്പിടിച്ച് അതിൽ നിങ്ങളേയും ചേർത്തു അവർ പറയും എല്ലാവരും ബൈബിളിൽ പറഞ്ഞിട്ടുള്ള സഭയിൽ തന്നെ എന്ന്. മററു ചിലർ യോഹന്നാൻ 15-ാം അദ്ധ്യായം കാണിച്ച് പറയും യേശുക്രിസ്തുവാകുന്ന മുന്തിരിവള്ളിയിലെ കൊമ്പുകളാണ് ഈ നാമധേയ സഭാവിഭാഗങ്ങൾ അത്രയും എന്ന്. സത്യാവസ്ഥ എന്താണെന്ന് വേദപുസ്തകം തുറന്നു ശരിയായി വായിച്ച് ഗ്രഹിക്കണം.

ചിലർ സഭയെ പരിഹസിക്ക കൂടെ ചെയ്യുന്നുണ്ട് എന്ന് പറയുന്നതിൽ വിഷമമുണ്ട്. അവർ സഭയെ ചെറുതാക്കി, മോശമാക്കി തേജോവധം ചെയ്യുകയാണ്. സത്യം പഠിപ്പിക്കുന്നവരെ അതായതു വേദപുസ്തകത്തിൽ സഭ ഒന്നേയുള്ളൂ എന്നും രക്ഷിക്കപ്പെടുവാൻ ആ സഭയിൽ ആകണമെന്നും സ്വർഗ്ഗത്തിലേക്കു പോകുവാൻ ആ സഭയിൽ അംഗമായേ മതിയാകൂ എന്നൊക്കെ പറയുമ്പോൾ ഇവർ അങ്ങനെ പ്രസംഗിക്കുന്നവരെ ഭയങ്കരമായി കുററപ്പെടുത്തും സഭകളെ കുത്തി സംസാരിക്കുന്നു, മററു സഭകളെ കുററപ്പെടുത്തുന്നു എന്ന ആരോപണമാണ് ഉന്നയിക്കുന്നതു.

മതപരമായ ലോകം ഇന്നു മനുഷ്യനിർമ്മിത സഭകളെ കൊണ്ട് നിറച്ചിരിക്കയാണ്. എല്ലാ കോണിലും എല്ലാ വിധ ആളുകളാലും ഉണ്ടാക്കപ്പെട്ടവയും അവയിൽ ഭൂരി ഭാഗവും ഏതാണ്ട് 200 വർഷങ്ങൾക്കുള്ളിൽ ഉണ്ടായവയും ആണ്. ചിലതു അവ കണ്ടെത്തിയ ആളിന്റെ പേരിനാൽ അറിയപ്പെടുന്നു മററു ചിലവ അവർ ആരാധിക്കുന്ന ദിവസത്തിന്റെ പേരിൽ അറിയപ്പെടുന്നു. അതുമല്ലെങ്കിൽ അവരുടെ ചില പ്രത്യേക വിശ്വാസ സിദ്ധാന്തങ്ങളുടെ പേരിൽ അറിയപ്പെടുന്നു. അവർക്കു പ്രത്യേകതയുള്ള പരിശീലനവും അവർ നടത്തുകയാണ്. ഈ സഭകൾ അംഗത്വത്തിനു, ആരാധനക്ക്, എല്ലാം വ്യത്യസ്ഥമായ രീതികളാണുള്ളതു. അവർക്കു ഊഹിക്കാൻ പററുന്നതെന്തും പഠിപ്പിക്കും; അവർക്കു തോന്നുന്ന വഴികൾ എല്ലാം സ്വീകരിക്കും. പരിശീലനത്തിനും ദൈവീക മാതൃകയേക്കാൾ ലൗകിക മാതൃകയാണ് പിൻപററുന്നതു. വ്യത്യസ്ഥ വിശ്വാസവും ആചാരവും വെച്ച് പുലർത്തുന്ന ഈ മാനുഷ്യ സഭകളെല്ലാം ചെയ്യുന്നതു യേശുക്രിസ്തുവിന്റെ നാമത്തിലാണ്. കർത്താവ് അവയെല്ലാം അംഗീകരിക്കും എന്ന ധാരണയോടെയാണ് ഇവയെല്ലാം ചെയ്യുന്നതു. എന്തുകൊണ്ട് അവർ ഇങ്ങനെ ഒരു നിഗമനത്തിൽ എത്തിച്ചേരുന്നു എന്നതാണ് അതിശയം.

പേരിൽ മാത്രം അറിയപ്പെടുന്ന ക്രിസ്തീയ ലോകത്തിൽ വിഭജനത്തിന്റെ വിത്ത് വിതച്ച് വളർന്ന് പന്തലിച്ചിരിക്കയാണ്. അവരെല്ലാവരും കർത്താവിനെയും അവന്റെ വഴിയെയും ഉപദേശത്തേയും പരിഹാസ്യമാക്കി തരം താഴ്ത്തി കാണിക്കുകയാണ്. സഭയ്ക്കുവേണ്ടി കർത്താവ് നടത്തിയ യാഗത്തെയും അവർ തുച്ഛീകരിക്കയാണ്. മനുഷ്യർ കർത്താവിന്റെ വിലയേറിയ പ്രവൃത്തികളെ ഒന്നുമല്ലാതാക്കി തീർത്തിരിക്കുന്നതു എത്ര ഖേദകരം!

കർത്താവിന്റെ അരുളപ്പാടുകളെ അവഗണിച്ച് മാററി മറിച്ച് ചെയ്യുന്ന ഇവരുടെ പ്രവൃത്തികൾ കർത്താവിനെ നിസാരനാക്കി മാററി നിർത്തുകയല്ലേ ചെയ്യുന്നതു ? ഗൗരവമായി എടുക്കാത്തതു്രയും തമാശയായി മാററുകയാണം ചെയ്യുന്നതു. അതുകൊണ്ട് സത്യവും വിശുദ്ധവുമായ കർത്താവിന്റെ കല്പനകളെ അവർ വെറും തമാശയാക്കി തള്ളിക്കളഞ്ഞിരിക്കയാണ്. ഇത്തരം ആളുകൾ എല്ലാം നഷ്ടപ്പെട്ടവരാണെന്ന് തിരിച്ചറിയുമ്പോൾ മാത്രമാണ് ഇതൊന്നും തമാശയായി കണക്കാക്കരുതു എന്നു മനസ്സിലാകുന്നതു. കാരണം അവർ ദൈവവചനത്തോടു കൂട്ടുചേർക്കയും അതിൽ നിന്നു എടുത്തു കളയുകയും ചെയ്തിരിക്കയാണ് (വെളിപ്പാട് 22:18-19). അവരുടെ ദുരുപദേശവും വഞ്ചനയും നിമിത്തം ലോകത്തിലുള്ള മററുള്ളവരും അതു നിമിത്തം നഷ്ടപ്പെട്ടു പോകുവാൻ ഇടയുണ്ട്

(മത്തായി 7:21-23).

സഭ അപ്രധാനമെന്ന മട്ടിൽ അതിനെ തരം താഴ്ത്തി ഒന്നുമല്ലാത്ത രീതിയിൽ പരിഹാസ്യമാക്കി മാററരുതു എന്ന അപേക്ഷയാണ് എനിക്ക് നിങ്ങളോട് ഉള്ളതു. ബൈബിളിൽ സഭയെ കുറിച്ച് പറഞ്ഞിരിക്കുന്നതെല്ലാം വായിച്ച് മനസ്സിലാക്കണം. സഭയല്ല, നമ്മുടെ രക്ഷിതാവ് എന്നതു ശരിയാണ്. രക്ഷിക്കപ്പെടുവാൻ കർത്താവിനെ അനുസരിച്ചിരിക്കുന്ന മനുഷ്യരുടെ കൂട്ടമാണ് സഭ. അതിന്റെ രക്ഷിതാവ് ക്രിസ്തുവാണ് (എഫെ. 5:28). സഭയുടെ രക്ഷകൻ ക്രിസ്തു ആണെങ്കിൽ ബൈബിളിൽ വായിക്കുന്ന ആ ഏകസഭയിൽ അംഗമായി തീർന്നാലേ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കഴിയൂ. ആ സഭക്കുവേണ്ടിയാണ് കർത്താവ് തന്റെ സ്വന്തം ജീവൻ കൊടുത്തതു. സഭ കർത്താവിന്റേതാണ്. ആ കാര്യം നാം വിസ്മരിച്ചുകൂടാ.

സഭ അത്ര പ്രാധാന്യമുള്ളതല്ല എന്നോ അല്ലെങ്കിൽ അതുപോലെയുള്ള പ്രസ്താവനകൾ നടത്തുവാൻ ഏതെങ്കിലും ഒരാൾക്കു എങ്ങനെ ധൈര്യം ഉണ്ടാകുന്നു എന്നതാണ് വിസ്മയം. ക്രിസ്തു പണിയുമെന്നു പറയുകയും അതു നിവർത്തിക്കയും ചെയ്തുകഴിഞ്ഞു (മത്താ. 16:18). ആവശ്യമില്ലാത്തതോ പ്രാധാന്യമില്ലാത്തതോ എന്തെങ്കിലും അവൻ പണിതിട്ടുണ്ടോ ? ഒരിക്കലുമില്ല. ക്രിസ്തു ക്രൂശിൽ മരിച്ചതു സഭക്കു വേണ്ടിയായിരുന്നു (എഫെ. 5:25). താൻ രക്തം ചിന്തിയതു ആ സഭയെ വിലെക്കു വാങ്ങേണ്ടതിന്നായിരുന്നു. (പ്രവൃത്തി 20:28). അവൻ മരിച്ചതു വ്യർത്ഥമായോ ? അവൻ രക്തം ചിന്തിയതു അനാവശ്യമായോ ? എന്റെ സ്നേഹിതരേ, അതിനെപ്പററി ചിന്തിക്കുക. തിരുവചനത്തിൽ വായിക്കുന്ന സഭ എന്താണെന്നു നാം തിരിച്ചറിയണം. അതൊരു നാമധേയ വിഭാഗമല്ല; മറിച്ച് യേശുവിന്റെ ശരീരമാണ്. ആരുടെയെങ്കിലും ശരീരം പ്രാധാന്യമില്ലാത്തതാണ് എന്നു പറയാൻ കഴിഞ്ഞേക്കും. പക്ഷെ അതു ശരിയാകണമെന്നില്ലല്ലോ. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ തലയാണ് ക്രിസ്തു; അവന്റെ പേർ ആണ് അതു ധരിക്കപ്പെട്ടിരിക്കുന്നതു (റോമർ 16:16).

ക്രിസ്തു എത്ര സഭകൾ പണിതിട്ടുണ്ട് ? ഒന്നു മാത്രം (എഫെ. 4:4-6). മററുള്ള വസ്തുതകളെപോലെ ഇതും നിങ്ങൾ ശരിയായ ഉദ്ദേശ്യത്തിൽ ചിന്തിക്കുകയാണെങ്കിൽ മനുഷ്യനിർമ്മിത സഭകളേക്കാൾ എത്രയോ ഉയർന്നതാണ് കർത്താവിന്റെ സഭയെന്നും അതിന്റെ പ്രാധാന്യം വളരെ മെച്ചപ്പെട്ടതാണെന്നും അറിയുവാൻ കഴിയും. മനുഷ്യന്റെ രക്ഷക്കു സഹായകരമല്ലാത്ത നാമധേയവിഭാഗങ്ങളെ ന്യായീകരിക്കയും രക്ഷക്കുവേണ്ടി വളരെ വില കൊടുത്ത് സദുദ്ദേശ്യത്തോടെ ദൈവം ഒരുക്കിത്തീർത്തതിനെ തള്ളിക്കളയുകയും ചെയ്യുന്ന പ്രവണത ദുഃഖകരമാണ്.

നാം കർത്താവിനെ സ്നേഹിക്കണം, അവന്റെ വഴി, ഉപദേശം, അവന്റെ സഭ, അവന്റെ പേർ, തുടങ്ങിയവ

യെല്ലാം നാം ആദരിക്കണം. രക്ഷയെക്കുറിച്ച്, ആരാധനയെക്കുറിച്ച്, ക്രിസ്തീയജീവിതത്തെക്കുറിച്ച്, രക്ഷക്കും നിത്യജീവന്റെ പ്രത്യാശക്കും ദൈവം വാഗ്ദാനങ്ങൾ നൽകിയിരിക്കുന്നതും നിഷേധിക്കാവുന്നതല്ല. അവയെല്ലാം വളരെ ഗൗരവമായി എടുക്കണം. കാരണം അവയെല്ലാം നമ്മുടെ രക്ഷയെ ബാധിക്കുന്ന കാര്യമാണ്. നാം നിത്യത ചെലവഴിക്കേണ്ടതു എവിടെയാണെന്നു മനസിലാക്കി പ്രവർത്തിക്കേണ്ടതുമാണ്. യേശുക്രിസ്തുവിനെ, അവന്റെ ഉപദേശത്തെ, തിരുവചനത്തെ നിസാരമായി തള്ളിക്കളഞ്ഞ് അവനെയും അവന്റെ കല്പനകളേയും വാഗ്ദാനങ്ങളേയും പരിഹാസ്യമാക്കിത്തീർക്കുന്നവർ ഒടുവിൽ ലജ്ജിക്കപ്പെടും. അതൊന്നും രസിക്കത്തക്കതല്ല. നിങ്ങൾ ക്രിസ്തുവിന്റെ സഭ പ്രാമുഖ്യം അർഹിക്കുന്ന രീതിയിൽ കാണുന്നുണ്ടോ? അവന്റെ രക്ഷ അനിവാര്യമായി കാണുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്, അനുസരിച്ച ജീവിതം നയിക്കുക. ന്യായവിധിയിൽ അകപ്പെടാതിരിക്കുക.

★

# ക്രിസ്തുവിനെ അനുകരിക്കൽ

**ഡേവിഡ് തർമാൻ**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

## അവന്റെ വിധേയത്വത്തെ അനുകരിക്കുക

കൊരിന്ത്യരോടു തന്നെ അനുകരിക്കുവാൻ പറയുന്ന പൌലോസ്, ദൈവേഷ്ടത്തിനായി തന്നെ കീഴ്പ്പെടുത്തിയ കർത്താവിനെ ശരിയായി മനസിലാക്കിയിരുന്നു. യോഹന്നാനാൽ സ്നാനം ഏല്ക്കുവാൻ വന്ന യേശുവിനെ

സ്നാനപ്പെടുത്തുവാൻ യോഹന്നാൻ ആദ്യം മടിച്ചു. യേശു പരിശുദ്ധനാണെന്നും അവനു സ്നാനത്തിന്റെ ആവശ്യമില്ലെന്നും യോഹന്നാനു അറിയാമായിരുന്നു. എന്നാൽ യേശു അവനോടു പറഞ്ഞതു: ഇപ്പോൾ സമ്മതിക്ക ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം എന്നത്രെ (മത്തായി 3:15). പാപമോചനം ലഭിക്കുവാനല്ല യേശു യോഹന്നാന്റെ അടുക്കൽ പോയതു. മറിച്ച് സകല നീതിയും നിവർത്തിക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു. മററുള്ളവർക്കു മനസിലായില്ലെങ്കിലും യേശുക്രിസ്തു എല്ലായ്പ്പോഴും ശരിയായതു മാത്രമാണ് ചെയ്തിരുന്നതു. മററുള്ളവർ എന്തു വിചാരിച്ചാലും ചെയ്താലും ശരി എല്ലാററിലും ദൈവത്തിന് കീഴ്പ്പെട്ടു പ്രവർത്തിക്കുക എന്ന ഗുണമാണ് അവൻ നമ്മെ പഠിപ്പിക്കുന്നതു.

അവന്റെ വിധേയത്വഭാവം ഗെത്ത്ശേമന തോട്ടത്തിൽ വളരെ വ്യക്തമായി കാണപ്പെടുന്നു. അവൻ ശിഷ്യന്മാരോട്: ഞാൻ പ്രാർത്ഥിച്ച് തീരുവോളം ഇവിടെ ഇരിപ്പിൻ എന്നു പറഞ്ഞു. പിന്നെ അവൻ പത്രൊസിനേയും യാക്കോബിനേയും യോഹന്നാനെയും കൂട്ടിക്കൊണ്ടു ഭ്രമിപ്പാനും വ്യാകുലപ്പെടുവാനും തുടങ്ങി. എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു; ഇവിടെ പാർത്തു ഉണർന്നിരിപ്പിൻ എന്നു അവരോടു പറഞ്ഞു, പിന്നെ അല്പം മുമ്പോട്ടു ചെന്നു നിലത്തു വീണു, കഴിയും എങ്കിൽ ആ നാഴിക നീങ്ങിപ്പോകേണം എന്നു പ്രാർത്ഥിച്ചു. അബ്ബാ പിതാവേ, നിനക്കു എല്ലാം കഴിയും; ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ. എങ്കിലും ഞാൻ ഇച്ഛരിക്കുന്നതല്ല നീ ഇച്ഛരിക്കുന്നതു ആകട്ടെ എന്നു പറഞ്ഞു (മർക്കൊസ് 14:32-36). നേരിടുവാനുള്ള അതിദാരുണമായ മരണത്തെക്കുറിച്ച് അതിവേദന അനുഭവിക്കുകയായിരുന്നു അവൻ. തന്റെ മുന്നിൽ വെച്ചി

രിക്കുന്ന പ്രവൃത്തി കഠിനമാണ് എന്ന് ഓർത്ത് അതിൽ നിന്നു ഒഴിഞ്ഞുമാറുവാനല്ല; തന്റെ ഇഷ്ടപ്രകാരം ചെയ്യുവാനല്ല അവൻ ഒരുങ്ങിയതു. പിന്നെയോ ദൈവത്തിന്റെ ഇഷ്ടത്തിനു പൂർണ്ണമായും വഴങ്ങുകയായിരുന്നു ചെയ്തതു.

ആ മനോഭാവം എല്ലാ സഭാപ്രശ്നങ്ങളേയും ദൂരീകരിക്കുന്നതിനു ഉപകരിക്കയില്ലേ? വിശ്വാസികൾ യഥാർത്ഥമായി ചെയ്യേണ്ടതുമാത്രം ചെയ്യുകയാണെങ്കിൽ കൊരിന്തിൽ ഉണ്ടായ പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നു. വിശ്വാസികൾ ദൈവത്തിനു പൂർണ്ണമായും കീഴ്പ്പെട്ടിരുന്നു. തങ്ങളുടെ സ്വന്ത ഇഷ്ടത്തേക്കാൾ ദൈവത്തിന്റെ ഹിതത്തിനു വിധേയത്വമുള്ളവരായി ജീവിച്ചാൽ സഭാപ്രശ്നം അവസാനിക്കും. വെറുപ്പുളവാക്കുന്നതും ക്രൂരത്വം വെച്ചു പുലർത്തുന്നതും ശരിയാണെന്നു ഒരു ക്രിസ്ത്യാനിയും ഒരിക്കലും വിശ്വസിക്കയില്ല. നാം ശരിയായതുമാത്രം ചെയ്തുകൊണ്ടിരിക്കയാണെങ്കിൽ അന്യോന്യം ശരിയായതുമാത്രം ചെയ്യും. തമ്മിൽ തമ്മിൽ ശരിയായതുമാത്രം ചെയ്യാത്ത ക്രിസ്ത്യാനികൾ ഉണ്ടെങ്കിൽ അവർ ക്രിസ്തുവിനെ അല്ല, സാത്താനെയാണ് അനുകരിക്കുന്നതു.

## നഷ്ടപ്പെട്ടവരോടുള്ള അവന്റെ സ്നേഹത്തെ അനുകരിക്കുക

എങ്ങനെയോ കൊരിന്ത്യർ അന്യോന്യം വാദഗതികളിൽ തിരക്കുള്ളവരായിരുന്നു. ഇതു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആത്മാക്കളെ കണ്ടെത്തുന്നതിൽ നിന്നും അവരെ അകററിനിർത്തി.

★

(ശേഷം അടുത്ത ലക്കത്തിൽ)

കവിത

# ദുഃഖം

E. K. തേപ്പുപാറ

ശിക്ഷിക്കരുതെ നിൻകോപത്തിലെന്നെയും
നിൻ ക്രോധദണ്ഡനം എന്നിൽ തുളയ്ക്കാതെ
കരുണയുണ്ടാകുമാറാകണെയെന്നുമേ,
തളരുന്ന എന്നെയും കാക്കുമാറാകണം.

അസ്ഥിതകർന്നയെൻ മൺകുടമെപ്പൊഴും
സൗഖ്യം കൊതിക്കുന്നു നിൻ നൽക്കുഴമ്പിനാൽ.
എൻ പ്രാണനെന്നിൽ ഭ്രമിച്ചുകഴിഞ്ഞുപോയ്,
ക്ഷിപ്രമായെന്നെവിടുവിച്ചു കാക്കണേ.

മരണത്തിനപ്പുറം നിന്നെക്കുറിച്ചോരു,
ഓർമ്മയുമില്ലഹോ ഈ മരുഭൂമിയിൽ.
പാതാളഗർത്തത്തിൽ ആർ സ്തുതിക്കും നിന്നെ,
എന്നിൽ തകർന്നയെൻനാളുകളത്രയും.

തേങ്ങിഞരങ്ങുന്നു എന്നുമേ കൂട്ടരെ,
തള്ളരുതെന്നെയും കാത്തുകൊള്ളേണമെ.
കണ്ണുനീർകൊണ്ടു ഞാൻ രാത്രി മുഴുവനും,
എൻമെത്ത നന്നായ് നനക്കുന്നു നിത്യവും.

ഏറുന്നു ദുഃഖമെൻ കണ്ണു കുഴിക്കുവാൻ,
ക്ഷീണിച്ചു നന്നായ് തകരുന്നുനിശ്ചയം.
നീതിയില്ലാത്തോരെ എന്നെ വിട്ടോടുവിൻ,
എന്നെന്നുമെന്നെ തകർക്കുമതു സത്യമെ.

യാചനയെന്നതു കേഴക്കുന്നു വാനതിൽ,
കേട്ടുകേട്ടെൻ പ്രിയൻ കാത്തരുളീടുമെ.
നാണിച്ചുപോകുമേ ശത്രുഗണങ്ങളും,
വിഭ്രമചിത്തരായ് ലജ്ജിച്ചമർന്നിടും.

★

# ക്രിസ്തുവിൻെറ സഭ എന്നാൽ എന്ത്?

## G. F. റെയിൻസ്

യേശുക്രിസ്തു ഉയിർത്തെഴുന്നേററ ശേഷമുള്ള പെന്തെകൊസ്തു നാളിൽ ആഴ്ച്ചവട്ടത്തിൻെറ ഒന്നാം നാളിൽ യെരുശലേം പട്ടണത്തിൽ ക്രിസ്തുവിൻെറ സഭ സ്ഥാപിതമായതായി നാം അപ്പൊസ്തലപ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ വായിക്കുന്നുണ്ട്. തൻെറ സ്വർഗ്ഗാരോഹണത്തിനു മുൻപ് കർത്താവ് ശിഷ്യൻമാർക്കു നല്കിയ മഹത്തായ ആജ്ഞ അനുസരിച്ച് പത്രൊസ്, ആ ദിവസം യേശുവിൻെറ നാമത്തിൽ ഉള്ള പാപമോചനം പ്രസംഗിച്ചു (മത്തായി 28:18-20; മർക്കൊസ് 16:15-16; ലൂക്കൊസ് 24:46-47). ഇതു ദൈവത്തിൻെറ മുൻനിർണ്ണയിച്ച പദ്ധതിയായിരുന്നു.

സുവിശേഷത്തിൽ വിശ്വാസം അർപ്പിക്കുന്നവർ തങ്ങളുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ട് പാപമോചനത്തിനായി യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനമേററ് അനുസരണം പൂർത്തിയാക്കി കഴിയുമ്പോൾ അവരെ കർത്താവ് രക്ഷിച്ച് തൻെറ സഭയിലേക്കു ചേർത്തുകൊണ്ടിരുന്നു (പ്രവൃത്തി 2:36-47). ആ ദിവസം സുവിശേഷം വിശ്വസിച്ച് അനുസരിച്ച് പ്രവർത്തിച്ച യെഹൂദൻമാരെ പോലെ നിങ്ങളും ഇന്നു അതേ സുവിശേഷം വിശ്വസിക്കയും അനുസരിക്കയും ചെയ്താൽ അവരെ കർത്താവ് രക്ഷിച്ച് തൻെറ സഭയിലേക്കു ചേർത്തതുപോലെ നിങ്ങളേയും രക്ഷിച്ചു അവൻെറ സഭയിലേക്കു ചേർക്കും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല. (മത്തായി 16:18). കാരണം ദൈവം മുഖപക്ഷം നോക്കാതെ, തന്നെ

അനുസരിക്കുന്ന, നീതി പ്രവർത്തിക്കുന്ന, ഭയപ്പെടുന്ന ഏവരെയും അവൻ അംഗീകരിക്കുന്നു (പ്രവൃ. 10:34-35).

പെന്തെകൊസ്തുനാളിൽ മൂവായിരം യെഹൂദൻമാർ എന്തു ചെയ്തു സഭയിലേക്കു ചേർക്കപ്പെട്ടുവോ അതു ചെയ്തു സഭയിലേക്കു ചേർക്കപ്പെട്ട ഒരു കൂട്ടം ആളുകളാണ് ക്രിസ്തുവിന്റെ സഭയിൽ ഉള്ളതു. അതു ക്രിസ്തുവിന്റെ ശരീരമാണ് (എഫെസ്യർ 1:20-23; കൊലൊസ്യർ 1:18). ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളെ ഓരോ ഇടവകകളായി സംഘടിപ്പിച്ചിരിക്കുന്നു. അവരെ എല്ലാം ചേർത്തു ക്രിസ്തുവിന്റെ സഭകൾ എന്നു വിളിച്ചിരിക്കുന്നു (റോമർ 16:16). പുതിയ നിയമകാലത്തിലെ പ്രാരംഭസമയത്ത് ഒന്നാം നൂററാണ്ടിലെ ക്രിസ്ത്യാനികൾ ആരാധിച്ചിരുന്നതുപോലെ ഞങ്ങൾ ആരാധിക്കുന്നു (യോഹന്നാൻ 4:24). ഒന്നാം നൂററാണ്ടിലെ സഭ ഏതെല്ലാം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നുവോ അതേ പ്രവർത്തനങ്ങളിൽ ഞങ്ങൾ വ്യാപൃതരായിരിക്കുന്നു (പ്രവൃ. 6:1-6; എഫെസ്യർ 4:14-16; 1 തിമൊ. 3:15). അതുകൊണ്ട് ക്രിസ്തുവിന്റെ സഭ ഇന്ന് ഒരു നാമധേയ മതസംഘടനയല്ല. നാം ബൈബിളിൽ പുതിയ നിയമത്തിൽ വായിക്കുന്ന സഭയുടെ പ്രത്യുൽപാദനം മാത്രമാണ്.

തെററായ പ്രമാണം, തെററായ ഉപദേശം, തെററായ ആരാധന, തെററായ സംഘടന, തെററായ പേർ ശരിയായ സഭയായി അറിയപ്പെടുകയില്ല. എന്നാൽ ശരിയായ പ്രമാണം, നേരായ ഉപദേശം, നേരായ ആരാധന, നേരായ സംഘടിപ്പിക്കൽ, നേരായ നാമം എന്നിവ അതേ കാരണത്താൽ തെററായ സഭയായി അറിയപ്പെടുന്നില്ല.

യേശുക്രിസ്തു പണിതതായ സഭയെക്കുറിച്ച് ബൈബിളിൽ പറഞ്ഞിരിക്കുന്നതു, നിങ്ങളുടെ പ്രദേശത്തുള്ള ക്രിസ്തുവിന്റെ സഭയിൽ ചെന്നു പരിശോധിച്ച് മനസിലാക്കുവാൻ ഞങ്ങൾ ആദരവോടുകൂടെ നിങ്ങളോടു അപേ

ക്ഷിക്കുകയാണ് ചെയ്യുന്നതു. സത്യം അറിയുവാൻ ദൈവം തന്നിരിക്കുന്ന അവസരം നാം ശരിയായി ഉപയോഗിക്കുക. വിശ്വാസം ഏററു പറച്ചിൽ, മാനുഷപ്രമാണം എന്നിവ ക്രിസ്തുവിൻെറ സഭ നിരാകരിച്ചിരിക്കുന്നു.

കാരണങ്ങൾ സ്പഷ്ടമാണ്. അവ, യേശുക്രിസ്തുവിൻെറ സുവിശേഷത്തിനു അപ്പുറമായി കൂട്ടായ്മയുടെ പരിശോധനയിൽ വിശ്വാസികളെ ഭിന്നിപ്പിക്കുന്നു. അവ അനാവശ്യമാണ്. സകല സൽപ്രവൃത്തിയിലും വക പ്രാപിച്ച് തികഞ്ഞവരാകുവാൻ പര്യാപ്തമായ വിശുദ്ധ വചനമാണ് ദൈവം തന്നിരിക്കുന്നതു (2തിമൊഥെയോസ് 3:16-17). മുൻപറഞ്ഞവയെല്ലാം ദൈവശ്വാസീയമല്ലാത്ത ഉല്പന്നങ്ങളുടെ ഊഹാപോഹങ്ങൾ മാത്രമാണ്.

മനുഷ്യനിർമ്മിതമായ പ്രമാണങ്ങളും നിയമാവലികളും വിശ്വാസപ്രമാണം ഏററുപറച്ചിലും പാപങ്ങൾ ഏററുപറച്ചിലും മററും മനുഷ്യരെ ബന്ധിപ്പിക്കുന്ന മാനുഷിക അഭിപ്രായങ്ങളാണ് ദൈവവചനവുമായി അവയ്ക്കൊന്നും യാതൊരു സ്ഥാനവുമില്ല.

ഇന്നു വിശ്വാസത്തിനും പരിശീലനത്തിനും നിയമമായി നാമെല്ലാം പിൻപററേണ്ടതു സുവിശേഷമാണ്. താഴെ പറയുന്ന കാരണങ്ങൾ അതിനു ഉപോൽബലകമാണ്.

ക്രിസ്തുവിനാണ് സകല അധികാരവും (മത്തായി 28:18). ക്രിസ്തു എന്ന ഏക നിയമകർത്താവ് ആണ് ഉള്ളതു (യാക്കോ. 4:12). ക്രിസ്തുവിൻെറ പരിജ്ഞാനത്താൽ ദൈവജ്ഞാനത്തിൽ നമ്മുടെ വിശ്വാസം സ്ഥാപിക്കുന്നു (1 കൊരിന്ത്യർ 2:1-5). ക്രിസ്തുവാണ് സഭയുടെ തല (എഫെസ്യർ 1:20-23; കൊലൊസ്യർ 1:18). ക്രിസ്തുവിൽ നാം പൂർണ്ണരാകുന്നു (കൊലൊസ്യർ 2:10).

നാം എന്തു ചെയ്താലും അതു ക്രിസ്തുവിന്റെ നാമത്തിൽ ചെയ്യണം (കൊലൊസ്സ്യർ 3:17). ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നും അതിർ കടന്നുപോകുന്നതു പാപമാകുന്നു (2 യോഹന്നാൻ 9). മനുഷ്യന്റെ വഴിയല്ല ദൈവത്തിന്റെ വഴി (സദൃശവാക്യങ്ങൾ 14:12). സകലതും പരിശോധിക്കുക; സത്യം മാത്രം സ്വീകരിക്കുക (പ്രവൃത്തി 17:11).

★

# ഏററവും ആവശ്യമുള്ള ആറു കാര്യങ്ങൾ

ജാക്ക്. ഗ്രേ

സഹോദരവർഗ്ഗത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ആവശ്യങ്ങൾ എന്തെല്ലാമാണ് എന്നാണ് അദ്ദേഹം കരുതുന്നതു എന്ന് അനേക വർഷങ്ങൾക്കു മുൻപ് ഗസ് നിക്കോളസിനോടു ഒരാൾ ചോദിക്കയുണ്ടായി. പരമപ്രധാനമായ ആവശ്യങ്ങളെയാണ് അറിയുവാൻ ആഗ്രഹം പ്രകടിപ്പിച്ചതു.

1. **അംഗങ്ങളുടെ പരിവർത്തനം:**—സ്നാനത്തേക്കാൾ കൂടുതൽ പലതും ഉള്ളടങ്ങുന്ന ഒന്നാണ് വീണ്ടും ജനനം. നമ്മളിൽ പലരും വെള്ളത്താലും ആത്മാവിനാലും ജനിച്ചവരാണ്. അതു കൂടാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല. ഇങ്ങനെ സ്നാനമേററവർ, യേശു ദൈവപുത്രനാണെന്നും നമ്മുടെ ജീവിതത്തിന്റെ കർത്താവാണെന്നും വിശ്വസിച്ചവരാണ്. ക്രിസ്ത്യാനിത്വത്തെ ഒരു സാധാരണ സമീപനമായി കാണുന്ന

അനേകം ക്രിസ്ത്യാനികൾ ഉണ്ട്. പരിവർത്തനം വാസ്തവത്തിൽ ഒരാളുടെ ജീവിതവും തീരുമാനവും യേശുവിനു കീഴ്പ്പെടുത്തുക എന്നതാണ്. നമ്മുടെ ജീവിതത്തിൽ എല്ലായ്പ്പോഴും അവൻ നമ്മുടെ കർത്താവ് എന്ന കാര്യം നാം മറക്കരുതു.

**2. തുടർച്ചയായ സാന്നിദ്ധ്യം:**—ഒരു ക്രിസ്ത്യാനിയാവുക എന്നാൽ സന്നിഹിതനാവുക എന്നതിനേക്കാൾ ഉപരിയാണ്. നിരന്തരമായ ആരാധനയും ബൈബിൾ പഠനവും കൂടാതെ ഒരാൾക്കും താൻ യഥാർത്ഥ ക്രിസ്ത്യാനി എന്നു പറയാൻ ധൈര്യം ഉണ്ടാകുകയില്ല. ഉപേക്ഷിക്കാവുന്ന കർത്തവ്യമല്ല ഇതു. പരിജ്ഞാനമില്ലാതെ വരുമ്പോൾ വളർച്ചയില്ല. ആരാധനയില്ലാതെ വന്നാൽ ആത്മിയ ജീവൻ ഇല്ലാത്ത സാധാരണ പാപിയായി അധഃപതിക്കുന്നു.

**3. വിശുദ്ധീകരണം:**—ക്രിസ്ത്യാനികളും ലോകത്തുള്ള ആളുകളും തമ്മിൽ വ്യക്തമായ വ്യത്യാസം ഉണ്ടായിരിക്കണം. ഈ നൂററാണ്ടിലെ ക്രിസ്ത്യാനിത്വത്തിൻെറ ഏററവും വലിയ പ്രശ്നം എന്തെന്നാൽ അവർ ലോകത്തിൻെറ ഒഴുക്കിനു അനുസരിച്ച് നീന്തുന്നു എന്നുള്ളതാണ്. ലോകത്തിൽ നിന്നും വേർപെട്ട സ്വഭാവം കാണേണ്ടവരിൽ ലോകത്തുള്ളവരുടെ സ്വഭാവം തന്നെ കണ്ടെത്തിയാൽ വ്യത്യാസം ഒന്നുമില്ലല്ലൊ. മനസു പുതുക്കി രൂപാന്തരം വരുത്തേണ്ടവരാണ് ഇങ്ങനെ തരംതാഴ്ന്നു കാണുന്നതു. ഇതു ഗുരുതരമായ വീഴ്ച്ചയാണ്.

**4. ഔദാര്യം :**—യാഗത്തെക്കുറിച്ചും ഉദാരമായി നല്കുന്നതിനെ കുറിച്ചും അധികം അധികമായി പഠിക്കുന്നവരാണ് കർത്താവിൻെറ ജനങ്ങൾ. ആധുനിക ചരിത്രത്തിലെ പ്രാരംഭഘട്ടത്തിൽ കർത്താവിൻെറ സഭ കോടിക്കണക്കിനു രൂപ ശേഖരിക്കുവാനും അതിനു വലിയ വലിയ

പദ്ധതികളും ആവിഷ്ക്കരിക്കയുണ്ടായി. എന്നാൽ സുദീർഘമായ കാലയളവിലേക്കു സഭാപ്രവർത്തനങ്ങൾ നടത്തേണ്ടവരുടെ ഔദാര്യപൂർവ്വമുള്ള നല്കൽ എല്ലാ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും ആവശ്യമാണ്. പ്രാപ്തിപോലെ ഓരോരുത്തൻ താന്താനുള്ളതു ചരതിച്ച് വെച്ച് കർത്താവിനു കൊടുക്കുവാൻ മടിക്കരുതു. വ്യക്തിപരമായ ഈ പ്രവൃത്തി ആരും ഉപേക്ഷയായി തള്ളിക്കളയരുതു.

**5. ഐക്യം :**—ധാരാളം ഇടവകകൾ ഇന്നു വിയോജിപ്പിലും ഭിന്നിപ്പിലും അകന്നു കഴിയുകയാണ്. സഭ ഒന്നു തന്നെ വിശ്വസിക്കയും ഒരേ ലക്ഷ്യത്തോടെ പ്രവർത്തിച്ച് ഒരേ പ്രത്യാശക്കായി കാത്തിരിക്കുന്നവരും ആയിരിക്കണം. അഭിപ്രായവ്യത്യാസങ്ങൾ അവസാനിപ്പിച്ചില്ലെങ്കിൽ അനൈക്യമായിരിക്കും ഫലം. പരസ്പരം ആദരിക്കയും സഭയുടെ വളർച്ചക്കുവേണ്ടി വിട്ടുവീഴ്ച്ച അഭിപ്രായങ്ങളിൽ വരുത്തി യോജിപ്പിൽ എത്തണം. അന്യോന്യമുള്ള സ്നേഹമാണ് ഇതിനു വേണ്ടതു.

**6.അറിയപ്പെട്ട നേതൃത്വം :**—ബൈബിൾ എന്തു പറയുന്നു എന്നതിനു സമർപ്പിക്കപ്പെട്ടവരായിരിക്കണം നടത്തിപ്പുകാർ. നായകന്മാർ ജനത്തെ ശരിയായി അറിയുന്നവരായിരിക്കണം. എവിടെ പോകണം, എങ്ങനെ ആളുകളെ നയിക്കണം എന്നിവ അറിയുന്നവരായിരിക്കണം. അവർ ദൈവത്തിനു മുൻഗണന നൽകി സഭയെ സേവിക്കുന്ന സത്യതൽപരരായിരിക്കണം. അദ്ധ്യക്ഷൻമാർ പരിജ്ഞാനപൂർത്തി പ്രാപിച്ചവർക്കേ ഇത്തരത്തിലുള്ള കഴിവുകൾ ഉണ്ടായിരിക്കു.

മുൻ വിവരിച്ച കാര്യങ്ങൾ എല്ലാവർക്കും ഉണ്ടാകേണ്ടതാണ്. ഈ ഗുണഗണങ്ങൾ ഓരോരുത്തരും കാത്തുസൂക്ഷിച്ചാൽ ലോകം മുഴുവൻ ക്രിസ്തുവിങ്കലേക്കു ആകർഷിക്കപ്പെടും. അതിനു നിങ്ങളും തയ്യാറാവുമല്ലോ.

പരിവർത്തനം എല്ലാ അംഗങ്ങളിലും ഉണ്ടായിരിക്കണം എന്നു പറയുമ്പോൾ അതിൽ നിന്നും ആരെയും ഒഴിവാക്കാവുന്നതല്ല. മനസിനും ജീവിതത്തിനും കാതലായ വ്യത്യാസം ഉണ്ടാകണം. അതു ദൈവേഷ്ടപ്രകാരവുമായിരിക്കണം സഭായോഗം മുടക്കരുതു എന്നു പറയുമ്പോൾ ദൈവത്തോടും സഹസഹോദരങ്ങളോടും ഉള്ള ബന്ധം നിരന്തരമായി കാത്തുകൊള്ളണം എന്നതു വ്യക്തമാണ്. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ സഭ കൂടിവരുന്നതു ദൈവത്തെ ആരാധിക്കുവാൻ കൂടെയാണ്. എല്ലാവർക്കും അതിന്റെ പ്രയോജനം ലഭിക്കണം. അതുകൊണ്ട് അതു ഉപേക്ഷയായി വിചാരിക്കരുതു. ജഡികശുദ്ധിയേക്കാൾ ആത്മിക ശുദ്ധിക്കു പ്രാധാന്യം കൊടുക്കണം. ദൈവത്തിന്റെ ആത്മാവിനെ ഒരിക്കലും നാം ദുഃഖിപ്പിക്കരുതു. ഹൃദയ വിശുദ്ധീകരണം വചനത്താലും, യേശുവിന്റെ രക്തത്താലും സാദ്ധ്യമാവുന്ന ഒന്നാണ്. സംശുദ്ധമായ ജീവിതം യേശുവിന്റെ ശിഷ്യന്മാർക്കു പരമപ്രധാനമാണ്.

ധർമ്മശേഖരണം ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ നടത്തുന്നതു ഓരോരുത്തരുടേയും പ്രാപ്തിയും ഹൃദയനിശ്ചയവും വ്യക്തമാക്കുന്നതാണ്. സുവിശേഷപ്രവർത്തനങ്ങളും വിശുദ്ധൻമാരുടെ മുട്ടു തീർക്കലും നടത്തുക എന്ന ഉദ്ദേശമാണ് ഇതിൽ ഉള്ളതു. യോജിപ്പും, പരസ്പര ധാരണയും നാം ഓരോരുത്തരും പരിരക്ഷിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അതാണ് ക്രിസ്ത്യനിത്വത്തിന്റെ മഹത്വം. ശരിയായ നേതൃത്വവും അവഗണിക്കാനാവാത്ത ഘടകമാണ്. ഈ ലോകജീവിതത്തിൽ നമ്മെ ശ്രേഷ്ഠരാക്കുന്ന ഈ ആറു കാര്യങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടെങ്കിൽ വളരെ നല്ലതു. ഇല്ലെങ്കിൽ അതു നിങ്ങൾ പ്രാവർത്തികമാക്കുക.

★

# ക്രൂശിൻെറ വഴി

## ജോണി രാംസെ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

**പ്രായശ്ചിത്തം:** "എൻെറ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിൻെറ അടുക്കൽ ഉണ്ട്. അവർ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുന്നു, നമ്മുടേതിനു മാത്രമല്ല, സർവ്വലോകത്തിൻെറ പാപത്തിനും തന്നെ (1 യോഹന്നാൻ 2:1-2). ബലവാൻെറ വീടു കവർന്നെടുക്കത്തക്ക ശക്തിയാണ് കർത്താവിൽ നാം കാണുന്നതു. സാത്താൻമേൽ വിജയം കണ്ടെത്തിയ രക്ഷകൻെറ ദൈവശക്തിയിൽ നമുക്കു ആശ്രയിക്കാം. ലോകശക്തിയേക്കാൾ അപാരമായ ശക്തിയാണ് അവൻേറതു (മത്തായി 12:29; 1 യോഹന്നാൻ 4:4). ഇപ്പോൾ നമുക്കു നമ്മുടെ പിതാവിനോടു സമാധാനം പുലർത്താം. കർത്താവിനോടു കൈകോർത്തു സഞ്ചരിക്കാം (കൊലൊ. 1:10). ശൌൽ ഒരിക്കൽ കർത്താവിൻെറ ശത്രുവായി പ്രവർത്തിച്ചിരുന്നു. എന്നാൽ അവൻ സുവിശേഷം അനുസരിച്ചപ്പോൾ അവൻെറ പാപം കർത്താവ് കഴുകികളഞ്ഞു (പ്രവൃത്തി 22:16). അവൻെറ പാപഭാരമാകുന്ന കുററാരോപണവും മൽസരവും പാപവും അതോടെനീങ്ങിപോയി. തർസൊസുകാരനായ ശൌലിനു കർത്താവിൻെറ മഹത്തായ വാഗ്ദത്തങ്ങൾ നല്കുന്ന രക്തം ദൈവത്തിൻെറ ഭവനത്തിലേക്കു തിരിച്ചു വരുവാനുള്ള ഒരു പാലമായി തീർന്നു.

## നിങ്ങളെ ഒരു വില കൊടുത്തു വാങ്ങിയതാണ്

നമ്മുടെ ശ്രദ്ധയെ വെല്ലുവിളിക്കുന്ന ഒരു രത്നത്തെ നാം 1 കൊരിന്ത്യർ 6-ാം അദ്ധ്യായം 19-ഉം 20 വാക്യങ്ങളിൽ കാണുന്നു. ''ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്നപരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയൊ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ. എല്ലാവരും നഷ്ടപ്പെട്ട അവസരത്തിൽ സാത്താൻ ഏററവും വലിയ ലൗകികമായ വില മനുഷ്യർക്കായി ഉയർത്തുമ്പോൾ, നമ്മുടെ ദൈവം സ്വന്തജീവൻ എന്ന വലിയ വില നമ്മുടെ ആത്മാവിന്റെ രക്ഷക്കായി നല്കി. അങ്ങനെ നമ്മുടെ നിത്യനാശം ഒഴിവായി.

ആത്മാക്കളുടെ എതിരാളിയും നാശയോഗ്യനുമായ സാത്താന്റെ കയ്യിൽ നമ്മൾ നിത്യമായി നഷ്ടപ്പെട്ടുപോകുന്നതു ഒഴിവാക്കുവാൻ നമ്മെ ഉണ്ടാക്കിയ നമ്മുടെ സൃഷ്ടികർത്താവായ ദൈവം നമ്മെ സഹായിച്ചു (1 പത്രൊസ് 5:8). ഒരു നിഷ്ഠൂരന്റെ കയ്യിലെ അടിമത്വത്തിൽ നിന്നു സമാധാനരാജാവിന്റെ കയ്യിലെ സ്വാതന്ത്ര്യത്തിലേക്കാണ് നമ്മെ വീണ്ടെടുത്തതു. ദൈവപുത്രന്റെ സ്വാതന്ത്ര്യം അനുഭവവേദ്യമാക്കിയതു വില മതിക്കാനാവാത്ത യേശുവിന്റെ രക്തമാണ് (ഗലാത്യർ 5:17). ദൈവം നമ്മിൽ നിന്നു ചെയ്യുവാൻ ആഗ്രഹിക്കുന്നവ ചെയ്യുവാൻ നമുക്കു സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. അകൃത്യത്തിന്റെ അടിമത്വത്തിൽ നിന്നു വിടുവിക്കുന്ന രക്ഷകനെ നാം സന്തോഷത്തോടുകൂടെ അനുസരിക്കയും സേവിക്കയും ചെയ്യുകയില്ലേ ?

## രക്തത്തിൻെറ വില

ലോകചരിത്രത്തിലെ സുപ്രധാന നാഴികകല്ലായിരുന്നു ക്രൂശിലെ അനർഘനിമിഷങ്ങൾ. കുഞ്ഞാട്ടിൻെറ രക്തത്തിനു വിലയുണ്ട്. യേശുക്രിസ്തുവിൻെറ രക്തത്തിനുള്ള വില, അപ്രമേയമായ ധനമായി തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കയാണ്. ഈ സത്യമാണ് നമ്മുടെ രക്ഷക്കു നിദാനമായി മാറിയതു.

രക്തമെന്നതു അത്യാവശ്യഘടകമാണ് (പ്രവൃത്തി 8:32-33). സാത്താൻെറ കുടുക്കിൽ നിന്നു മനുഷ്യരെ വിടുവിക്കുവാൻ ഒരാൾ സ്വയമായി തയ്യാറാവുന്ന മനോഹര ചിത്രമാണ് യെശയ്യാവ് 53-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നതു. അവൻ ഏററതും സഹിച്ചതുമായ അടിപ്പിണരുകൾ നമ്മുടെ ആത്മീയ സൗഖ്യത്തിനായിരുന്നു. നമ്മെ ശുദ്ധീകരിച്ച് വെടിപ്പാക്കുവാൻ അവൻെറ രക്തം അനിവാര്യമായിത്തീർന്നു. നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തൻെറ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിൻമേൽ കയറി; അവൻെറ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു. നിങ്ങൾ തെററി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു; ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായ വങ്കലേക്കു മടങ്ങിവന്നിരിക്കുന്നു (1 പത്രൊസ് 2:24-25).

ക്രിസ്തുവിൻെറ രക്തം മതിയായതാണ്. നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും; രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. നിങ്ങൾ മനസു വെച്ചു കേട്ടനുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും. മറുത്തു മൽസരിക്കുന്നു എങ്കിലോ നിങ്ങൾ വാളി

നിരയായിത്തീരും; യഹോവയുടെ വായ് അരുളിച്ചെയ്തിരിക്കുന്നു (യെശ. 1:18-20). യേശുവിന്റെ മരണത്തിനു മാത്രമെ മനുഷ്യരുടെ പാപം നീക്കുവാൻ കഴിയുന്നുള്ളു.

ക്രിസ്തുവിന്റെ രക്തം സ്നേഹിക്കുന്ന ഒന്നാണ്. വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടം ദൈവദാസനായിരുന്ന മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടു പാടുന്നതു എത്ര സന്തോഷകരമാണ് (വെളിപ്പാട് 15:3). മോശെയുടെ കാലത്തു ഇസ്രായേൽ പാടിയ പാട്ട് ഇവിടെ ഓർപ്പിക്കുകയാണ്. ചെങ്കടൽ കടത്തി അത്ഭുതകരമായി ദൈവം അവരെ നടത്തികൊണ്ടു പോയതിന്റെ നന്ദി സൂചനയായിട്ടാണ് അവർ അതു ചെയ്തതു. നമ്മുടെ രക്ഷകന്റെ മരണത്താൽ വിജയം വരിച്ച കുഞ്ഞാടിന്റെ രക്തം എത്ര മാത്രം ക്ഷമിക്കയും പൊറുക്കയും ചെയ്യുന്നതാണ് എന്നു തിരുവചനം നമ്മെ ഗ്രഹിപ്പിക്കുന്നു (കൊലൊസ്യർ 1:20; റോമർ 8:35-37).

ക്രിസ്തുവിന്റെ രക്തം സ്വീകാര്യമാണ്. സഹോദരൻമാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ (റോമർ 12:1). ദൈവത്തിന്റെ നിറഞ്ഞൊഴുകുന്ന കരുണയും മനസലിവും സ്നേഹവും നിമിത്തമാണ് നമുക്കു വിശ്വാസത്തിന്റെ നല്ല പോർ പൊരുതുവാൻ കഴിയുന്നതു (1 തിമൊഥെയോസ് 6:12).

★

(ശേഷം അടുത്ത ലക്കത്തിൽ)

# പ്രവൃത്തി

ജെ. ഫ്രാൻസീസ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ദൈവം വിലക്കിയ ഫലം തിന്നുന്നതിനുമുമ്പു സംഭവിച്ച കാര്യം ദൈവത്തെ അറിയിക്കുവാനും അവൻെറ ഉപദേശം തേടി പ്രവർത്തിക്കുവാനും അവൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ അവൻ ദൈവത്തെക്കാരം സ്ത്രീയെ വലുതായി കണ്ടു. അവളെ വിശ്വസിച്ചു ഫലം തിന്നു (ഉൽപ. 3-ാം അദ്ധ്യായം). അങ്ങനെ കാക്കുന്ന ജോലിയിൽ അവൻ വീഴ്ച വരുത്തി. ദൈവത്തെപ്പോലെ ആകുവാൻ അവർക്കു സാധിക്കാതെ വന്നു.

ദൈവം മനുഷ്യനെ സൃഷ്ടിച്ചു കഴിഞ്ഞപ്പോരം പറഞ്ഞ വാക്കുകരം "വേല ചെയ്യുക, കാത്തുകൊള്ളുക" ഇന്നും മനുഷ്യൻെറ മദ്ധ്യേ കൽപനകളായി അവ നിലക്കൊള്ളുന്നു. ഭൂമിയിൽ വേല ചെയ്യുന്നതിനുപകരം മനുഷ്യൻ കണ്ടെത്തി എന്നു അവകാശപ്പെടുന്ന ശാസ്ത്രീയ നേട്ടങ്ങളിൽ മാത്രം മുഴുകി ജീവിച്ചാൽ ഫലം എന്തായിരിക്കും? ഭക്ഷിപ്പാൻ ഒന്നും ഇല്ലാതെ അവൻ പട്ടിണി കിടന്നു മരിക്കും. അവൻ നേടിയ ശാസ്ത്രം ഒന്നുമില്ലാതായി അസ്തമിക്കും. അപ്പോരം ശാസ്ത്രം ദൈവത്തെ വെല്ലുവിളിക്കുവാൻ ഉള്ളതല്ല. ദൈവത്തോടടു അടുക്കുവാനുള്ള ഒരു ചവിട്ടുപടി മാത്രം.

നാം നമ്മെ തന്നെ കാത്തുകൊള്ളുന്നില്ലായെങ്കിൽ നിത്യരോഗികളായി മാറും. രോഗം നമ്മെ കീഴടക്കും. നാം സ്വയം നശിക്കും. നാം നമ്മുടെ ഭവനത്തെ സൂക്ഷിക്കുന്നില്ലയെങ്കിൽ കള്ളൻ കയറി പലതും മോഷ്ടിച്ചുകൊണ്ടുപോകും. നാം നേടിയ പല സമ്പത്തും നമ്മുടേതല്ലാ

തായി മാറും. നാം നമ്മുടെ രാജ്യത്തെ കാക്കുന്നില്ലായെങ്കിൽ ശത്രുക്കൾ വന്നു രാജ്യം പിടിച്ചടക്കി നമ്മെ അടിമകളാക്കി കൊണ്ടുപോകും. അതിനാൽ കാക്കുന്ന ജോലി നാം സൂക്ഷ്മതയോടുകൂടി ചെയ്യേണ്ടതാകുന്നു. വേല ചെയ്യുക, കാത്തുകൊള്ളുക ഇവ രണ്ടും സൂക്ഷ്മതയോടുകൂടി ചെയ്യാതിരുന്നാൽ നാം സ്വയം നശിക്കും നിശ്ചയം.

പിശാചിന്റെ പ്രവൃത്തികളെ കുറിച്ചും നമുക്കു ചിന്തിക്കാം. അവന്റെ പ്രവൃത്തികൾ ഒന്നും പൂർണ്ണതയുള്ളതല്ല. എല്ലാം നാശത്തിലേക്കു നയിക്കുന്നു. ദൈവം പൂർണ്ണതയുള്ള സൃഷ്ടി നടത്തി. എന്നാൽ സാത്താൻ മനുഷ്യനെ കൊണ്ടു അപൂർണ്ണമായ ദൈവത്തെ സൃഷ്ടിക്കുന്നു. മിസ്രയീമിൽ നിന്നു ഇസ്രായേൽ ജനത്തെ നയിച്ച മോശ വഴിമദ്ധ്യേ ദൈവത്തിന്റെ ആജ്ഞപ്രകാരം സീനായ് പർവ്വതത്തിൽ കയറി ചെന്നു. അവൻ തിരികെ വരുവാൻ താമസിച്ചു. അതിനാൽ അവർ ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി നമസ്കരിച്ചു. അതിനു യാഗം കഴിച്ചു. ദൈവമെന്നു പറഞ്ഞു ആ കാളക്കുട്ടിക്കു അവർ നൽകിയ നമസ്കാരവും യാഗവും ദൈവം ഇഷ്ടപ്പെട്ടിരുന്നുവെങ്കിൽ ദൈവം അവരോടു കോപിക്കുകയില്ലായിരുന്നു. ഇവിടെ ദൈവം അവരോടു കോപിച്ചു. കാരണം അവരുടെ പ്രവൃത്തികൾ സാത്താന്റെ ഇഷ്ടപ്രകാരമുള്ളതായിരുന്നു (പുറ. 32:8, 10). ഇന്നും ചില നാമധേയ ക്രിസ്ത്യാനികൾ യേശുക്രിസ്തുവോ, അപ്പോസ്തലന്മാരോ വരച്ചുപോലും കൊടുത്തിട്ടില്ലാത്ത യേശുക്രിസ്തുവിന്റെ രൂപം വരപ്പിച്ചും കളിമണ്ണും, ലോഹങ്ങളും കൊണ്ടു രൂപങ്ങൾ ഉണ്ടാക്കിയും ആരാധനകൾ നടത്തുന്നില്ലേ? അതും ദൈവം വസിക്കുന്നുവെന്നും, ഒളിച്ചിരിക്കുന്നുവെന്നും അവർ പറയുന്ന മനുഷ്യനിർമ്മിതമായ ദേവാലയത്തിനുള്ളിൽ അവിടെ പണം വാങ്ങി ആരാധന നടത്തി പുരോഹിതവർഗ്ഗം മനുഷ്യരെ പററിച്ചും ദൈവത്തെ വഞ്ചിച്ചും ജീവിക്കുന്നില്ലേ? ഇതു ദൈവത്തിന്റെ പ്രവൃത്തിയാണോ?

ഇസ്രായേൽ ജനം സൃഷ്ടിച്ച ആ കാളക്കുട്ടിക്കും നാമധേയ ക്രിസ്ത്യാനികൾ സൃഷ്ടിച്ചുണ്ടാക്കുന്ന യേശുക്രിസ്തുവിന്റെ രൂപങ്ങൾക്കും പടങ്ങൾക്കും ചലിക്കുവാൻ സാധിക്കുന്നില്ല. ചലിക്കണമെങ്കിൽ മനുഷ്യസഹായം അവക്ക് വേണം. അവയെ ആരാധിക്കുന്നവരെ അനുഗ്രഹിക്കുവാൻ അവക്ക് കഴിയുന്നില്ല. കാരണം അതു വെറും അപൂർണ്ണ സൃഷ്ടി. അതും അപൂർണ്ണനായ മനുഷ്യൻ നാശകരനായ സാത്താന്റെ പ്രേരണയാൽ സൃഷ്ടിച്ച സൃഷ്ടി.

സത്യത്തിനു ഒരു സ്ഥാനവും സാത്താനിൽ ഇല്ല. ഏദെൻ തോട്ടത്തിൽ വച്ചു ഹവ്വയോടു പറഞ്ഞ വാക്കുകൾ ഇതിനു ഉദാഹരണമാണ്. ''നിങ്ങൾ മരിക്കയില്ല നിശ്ചയം. അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും'' (ഉൽപ. 3:5). സത്യം അതായിരുന്നോ ? നിങ്ങൾ മരിക്കുമെന്നു ദൈവം പറഞ്ഞതല്ലേ ശരി ? ദൈവം പറഞ്ഞപ്രകാരം അവർ മരിച്ചില്ലേ ?

മനുഷ്യനെ തിൻമ ചെയ്യുവാൻ പ്രേരിപ്പിക്കുന്നതു സാത്താന്റെ വിനോദമാണ്. ഇതു മൂലം അവൻ തന്റെ ഇരയെ നാശത്തിലേക്കു തള്ളിവിടുന്നു. ദൈവത്തോടു അനുസരണക്കേടു കാട്ടുവാൻ അവൻ ആദിമ മനുഷ്യരെ പ്രേരിപ്പിച്ചു. അതു മൂലം അവർ നശിച്ചു. സൽപ്രവൃത്തികൾ ചെയ്തു അർപ്പിച്ച ഹാബേലിന്റെ യാഗം ദൈവം സ്വീകരിച്ചു. ദുഷ്പ്രവൃത്തികൾ ചെയ്തു അർപ്പിച്ച കയീന്റെ യാഗം ദൈവം നിരാകരിച്ചു. സാത്താൻ അവനിൽ പ്രവർത്തിച്ചു. അസൂയയും കോപവും അവനിൽ ഉണ്ടായി. അവൻ സഹോദരനെ അടിച്ചുകൊന്നു (ഉൽപത്തി 4:5-8). ദൈവം കയീനെ ശിക്ഷിച്ചു; അവൻ നശിച്ചു.

നമ്മുടെ പൂർവ്വപിതാക്കൻമാരുടെ പ്രവൃത്തികളെ നമുക്കു നോക്കാം. ആദിമമനുഷ്യരായ ആദാമും ഹവ്വയും ദൈവത്താൽ വിലക്കപ്പെട്ട കനി ഭക്ഷിച്ചു അനുസരണ

ക്കേട് കാണിച്ചു. അനുസരണക്കേട് എന്ന പ്രവൃത്തി മൂലം അവർ നശിച്ചു. ദൈവത്തെ പൂർണ്ണമായി അനുസരിച്ചു യാഗം അർപ്പിച്ച ഹാബേൽ ദൈവത്തിനു പ്രിയമുള്ളവനായി മാറി. അവന്റെ യാഗം ദൈവം സ്വീകരിച്ചു. ദൈവത്തെ നാമമാത്രമായി അനുസരിച്ചു യാഗം നടത്തിയ കയീൻ ദൈവത്തിനു അപ്രിയമുള്ളവനായി മാറി. അവൻ അസൂയ ഉള്ളവനായി, കോപിയായി, കൊലയാളിയായി. ദൈവകോപം അവനിൽ വ്യാപരിച്ചു (ഉൽപ. 3:6, 7, 23, 24; 4:4, 5, 8, 11).

നോഹയുടെ കാലത്തു ജനം ദൈവത്തെ ഉപേക്ഷിച്ചു. മ്ലേച്ഛതകളിൽ ജീവിച്ചു. മാനസാന്തരപ്പെട്ടു ദൈവത്തിലേക്ക് തിരിയുവാൻ നോഹ മുഖാന്തിരം ദൈവം ജനത്തോട് ആഹ്വാനം ചെയ്തു. അവർ അതു കൈക്കൊണ്ടില്ല. നോഹയും കുടുംബവും ദൈവത്തെ അനുസരിച്ചു. ദൈവം ജലപ്രളയത്താൽ ലോകത്തെ നശിപ്പിച്ചു. നോഹയേയും കുടുംബത്തെയും രക്ഷിച്ചു (ഉൽപ. 6:5-9, 14; 7:1, 18; 8:16). ദൈവം അവരെ വെറും അൽഭുതത്താൽ രക്ഷിച്ചില്ല. പെട്ടകം ഉണ്ടാക്കുവാൻ ദൈവം അവരോടു കല്പിച്ചു. അവർ അനുസരിച്ചു. പെട്ടകത്തിൽ കയറുവാൻ ആജ്ഞാപിച്ചു. അവർ കയറി. എല്ലാം കഴിഞ്ഞപ്പോൾ പെട്ടകത്തിൽ നിന്നും ഇറങ്ങുവാൻ കൽപിച്ചു. അവർ അനുസരിച്ചു. ദൈവത്തിനു വേണമെങ്കിൽ ഇതൊന്നും കൂടാതെ അവരെ രക്ഷപ്പെടുത്തുവാൻ കഴിയുമായിരുന്നു. അൽഭുതകരമായി ഒരു പെട്ടകം സൃഷ്ടിച്ചു അവർക്ക് നൽകാമായിരുന്നു. അല്ലെങ്കിൽ അത്രയും കാലയളവിൽ അവരെ സ്വർഗ്ഗത്തിൽ മാറ്റിനിർത്താമായിരുന്നു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ജോലി ചെയ്യണമെന്ന ദൈവകൽപനെക്കു കോട്ടം തട്ടുമായിരുന്നു.

★

(ശേഷം അടുത്ത ലക്കത്തിൽ)

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ. ഇരിട്ടി

## 7. ലവൊദിക്യ സഭ (വെളി. 3:14-22).

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

"യേശു മാത്രവും നടുവിൽ നില്ക്കുന്ന സ്ത്രീയും ശേഷിച്ചു" യേശു അവളോടു ചോദിച്ചു, "സ്ത്രീയേ, അവർ എവിടെ ? നിനക്കു ആരും ശിക്ഷ വിധിച്ചില്ലയോ" ഇല്ല കർത്താവേ, എന്നു അവൾ പറഞ്ഞു." ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല. പോക, ഇനി പാപം ചെയ്യരുത് എന്നു യേശു പറഞ്ഞു (യോഹ. 8:1-11).

ജഡീക സുഖങ്ങളുടെ ഓളങ്ങൾക്കൊപ്പം അല തല്ലി സദാചാരമൂല്യങ്ങളെ നിഷ്കരുണം തൂത്തെറിഞ്ഞു ദുഷ്പ്രവൃത്തികൾക്ക് കൂട്ടാളിയായ ആ സ്ത്രീയെ കർത്താവായ യേശു ശിക്ഷക്ക് വിധിക്കാതെ നാളുകളായി കുരുടായിരുന്ന അവളുടെ ഹൃദയകണ്ണുകൾക്ക് പ്രകാശം നൽകുന്നതിന് കർത്താവിനു സാധിച്ചു. "ഇനിയും പാപം ചെയ്യരുത്" എന്നുള്ള കർത്താവിന്റെ വാക്കുകളെ അവൾ അനുസരിക്കയും ദൈവപുത്രനായ യേശുവിൽ അവൾ വിശ്വസിക്കയും ചെയ്തു. കൂരിരുട്ടും വഴുവഴുപ്പും നിറഞ്ഞതായിരുന്ന അവളുടെ ജീവിതത്തെ കർത്താവ് പ്രകാശവും പുതുജീവന്റെ ഉണർവും നല്കി.

ഭൗതീക കാഴ്ചപ്പാടിന്റെ തിളക്കത്തിൽ ജീവിതസൗഭാഗ്യങ്ങളുടെ ലഹരിയിൽ ലക്കും ലകാനും ഇല്ലാതെ നൃത്തം ചവിട്ടി കറങ്ങി തിരിയുന്ന മതനേതാക്കളെ ! പുരോഹിത വർഗ്ഗങ്ങളെ !! സുവിശേഷകരെ !!! അവരുടെ ഉപദേശങ്ങളെ തഴുകി താലോലിച്ച് അതിൽ രസിക്കുന്ന.

പ്രജകളെ, നിങ്ങൾ ഓരോരുത്തരും ആത്മീയ അന്ധതയുടെ കൂററാക്കുറ്റിരുട്ടിൽ അമർന്നിരിക്കുകയാണ്. നിങ്ങൾ നിർഭാഗ്യരും അരിഷ്ടരും ദരിദ്രരും കുരുടരും നഗ്നരും ആണെന്ന് അറിയാതിരിക്കരുത്. ദൈവവചനത്തെ അടിസ്ഥാനമാക്കാതെ ഭൗതീകനൻമകളെ ലക്ഷ്യമാക്കി പടുത്തുയർത്തുന്ന സമുദായങ്ങളും, സഭകളും ദൈവരാജ്യത്തിന് എക്കാലവും ഇടർച്ചക്കല്ലുകളും തടങ്കൽപാറയുമാണ്. "ഇടർച്ച വരുത്തുന്ന മനുഷ്യനു അയ്യോ കഷ്ടം."

ഒരു മനുഷ്യനെ നഗ്നനായിട്ടു കാണപ്പെടുന്ന അവസ്ഥ എത്ര അപമാനവും പരിതാപകരവുമാണ്. ഇന്നും നഗ്നരായി ജീവിക്കുന്ന ആളുകളെപ്പററി കേട്ടിട്ടുണ്ട്. പക്ഷെ കാട്ടുജാതികളായ മനുഷ്യർ പോലും ഇന്നവരുടെ നാണം മറക്കുന്നതിന് വൃക്ഷഇലകളും മരത്തൊലികളും ഉപയോഗിച്ചുപോരുന്നു. നമ്മുടെ ഇടയിൽ ആരെങ്കിലും ഒരാൾ നഗ്നനായി പ്രത്യക്ഷപ്പെട്ടാൽ ആ അവസ്ഥയെ നമുക്ക് ചിന്തിക്കാൻ പോലും കഴികയില്ല. എന്നാൽ ലവൊദിക്യസഭ നഗ്നരാണെന്ന് അറിയാതിരിക്കരുതെന്ന് കർത്താവ് അവരോടു പറയുന്നു. അതു എത്രയോ ലജ്ജാകരം ആണ്.

ആദാമും ഹവ്വയും അവർ നഗ്നരെന്ന് അറിഞ്ഞപ്പോൾ അത്തിയിലകൂട്ടിത്തുന്നി തങ്ങൾക്ക് അരയാട ഉണ്ടാക്കി ഉപയോഗിച്ചിരുന്നുല്ലോ? (ഉൽപ. 3:7). അമ്മോന്യരുടെ രാജാവായ നാഹാശ് മരിച്ചപ്പോൾ അവൻെറ മകനായ ഹാനൂൻ പകരം രാജാവായി. വിവരം അറിഞ്ഞ ദാവീദ് തൻെറ ഭൃത്യൻമാർ മുഖാന്തരം ആശ്വാസവാക്കു പറയാൻ ഹാനൂൻ രാജാവിൻെറ അടുക്കലേക്ക് അവരെ അയച്ചു. "ദാവീദിൻെറ ഭൃത്യൻമാർ അമ്മോന്യരുടെ ദേശത്തു എത്തിയപ്പോൾ അമ്മോന്യ പ്രഭുക്കൻമാർ തങ്ങളുടെ യജമാനനായ ഹാനൂനോട് ദാവീദ് നിൻെറ അപ്പനെ ബഹുമാനിച്ചിട്ടാകുന്നു ആശ്വസിപ്പിക്കുന്നവരെ നിൻെറ അടുക്കൽ

അയച്ചതു എന്നു തോന്നുന്നുവോ ? പട്ടണത്തെ ശോധന ചെയ്തു ഒററുനോക്കുവാനും അതിനെ നശിപ്പിച്ചു കളവാനും അല്ലയോ ? എന്നു പറഞ്ഞു. 'അപ്പോൾ ഹാനൂൻ രാജാവ് ദാവീദിൻെറ ഭൃത്യൻമാരെ പിടിച്ചു അവരുടെ താടി പാതി ചിരപ്പിച്ചു അവരുടെ അങ്കികളെ നടുവിൽ ആസനം വരെ മുറിപ്പിച്ചു അവരെ അയച്ചു. ആ പുരുഷൻമാർ ഏററവും ലജ്ജിച്ചിരുന്നതായി കാണുന്നു (2 ശമു. 40:1-5). എല്ലാവരും വസ്ത്രങ്ങൾ ധരിച്ച് നമ്മുടെ ശാരീരിക നഗ്നതയെ മറയ്ക്കാൻ ഇഷ്ടപ്പെടുന്നു. അതിൻെറ ആവശ്യകത ആരെയും പറഞ്ഞറിയിക്കേണ്ട കാര്യമില്ല. അപ്രകാരം തന്നെ ക്രിസ്തുവിനോടു ചേരാൻ ഇച്ഛിക്കുന്ന ഓരോരുത്തരും നിർബന്ധമായും നിശ്ചയമായും പാപമോചനമാകുന്ന കല്യാണവസ്ത്രം (Wedding garment) ധരിച്ചവരായിരിക്കണം.

ഒരവസരത്തിൽ കർത്താവ് ""സ്വർഗ്ഗരാജ്യം തൻെറ പുത്രനുവേണ്ടി കല്യാണസദ്യ കഴിച്ച ഒരു രാജാവിനോടു സദൃശമാക്കി പ്രസ്താവിച്ചവ മത്തായി എഴുതിയ സുവിശേഷത്തിൽ വായിക്കുന്നു (മത്താ. 22:1-14), ആ രാജാവ് സമൃദ്ധമായ കല്യാണ വിരുന്നു ഒരുക്കിയിരുന്നു. പക്ഷെ ക്ഷണിക്കപ്പെട്ടവർ ആരും തന്നെ കല്യാണവിരുന്നിനു വന്നു ചേർന്നില്ല. എന്നു മാത്രമല്ല ക്ഷണിക്കാൻ പോയ രാജാവിൻെറ ദാസൻമാരെ പിടിച്ചു അപമാനിച്ചുകൊന്നു കളകയും ചെയ്തു. വിവരം അറിഞ്ഞ രാജാവ് കോപിച്ചു, തൻെറ സൈന്യങ്ങളെ അയച്ചു ആ കൊലപാതകന്മാരെ മുടിച്ചു. അവരുടെ പട്ടണം ചുട്ടുകളഞ്ഞു. ക്ഷണിക്കപ്പെട്ടവർ യോഗ്യരല്ലായ്കയാൽ പിന്നെയും രാജാവ് ദാസന്മാരെ പറഞ്ഞയച്ചിട്ട് വഴിയിൽ കാണുന്നവരെ ഒക്കെയും കല്യാണത്തിന്നു വിളിപ്പാൻ പറഞ്ഞു. ദാസൻമാർ പോയി കണ്ട ദുഷ്ടൻമാരെയും നല്ലവരെയും എല്ലാം കൂട്ടികൊണ്ടു വന്നു. കല്യാണശാല വിരുന്നുകാരെക്കൊണ്ടു നിറഞ്ഞു. വിരുന്നുകാരെ സന്ദർശിക്കാൻ വന്ന രാജാവ് നോക്കുമ്പോൾ

കല്യാണവസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ അവിടെ
കണ്ടു. രാജാവ് അവനോട് ''സ്നേഹിതാ നീ കല്യാണ
വസ്ത്രം ഇല്ലാതെ ഇവിടെ അകത്തു വന്നത് എങ്ങനെ
എന്നു ചോദിച്ചു. എന്നാൽ അവനു വാക്കു മുട്ടിപ്പോയി''.
രാജാവ് ദാസൻമാരോടു ഇവനെ കയ്യും കാലും കെട്ടി
ഏററവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ. അവിടെ
കരച്ചിലും പല്ലു കടിയും ഉണ്ടാകും എന്നു പറഞ്ഞു.
വിളിക്കപ്പെട്ടവർ അനേകർ തിരഞ്ഞെടുക്കപ്പെട്ടവരോ ചുരു
ക്കം.'' മാനസാന്തരവും പാപമോചനവും പ്രാപിച്ചവരാ
ണ് കല്യാണവസ്ത്രധാരികൾ. അവരാണ് തിരഞ്ഞെടുക്ക
പ്പെട്ടവർ. പാപത്തിൻെറ പ്രവൃത്തികളാകുന്ന പഴകിയ
വസ്ത്രങ്ങളായ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം,
ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം, കോപം,
ക്രോധം, ഈർഷ്യ, വായിൽ നിന്നു വരുന്ന ദൂഷണം, ദുർ
ഭാഷണം ഇങ്ങനെയുള്ള പഴയ മനുഷ്യനെ അവൻെറ പ്രവൃ
ത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞവർക്ക് കർത്താവ് കൊ
ടുക്കുന്ന വെള്ളയുടുപ്പാണ് -കല്യാണവസ്ത്രം-കല്യാണ
വസ്ത്രമാകുന്ന മാനസാന്തരവും പാപമോചനവും പ്രാ
പിക്കാൻ കഴിയാത്തവർ സ്വർഗ്ഗരാജ്യമാകുന്ന ക്രിസ്തു
വിൻെറ സഭയിൽ അവൻെറ കർത്തൃത്വത്തിൽ ആയിരിപ്പാ
നോ, ക്രിസ്തുവിനോടുകൂടെ വാഴുവാനോ കഴിയുന്ന
തല്ല. വിശേഷമായ പ്രസ്തുത 'രക്ഷാവസ്ത്രം' കർത്താ
വാണ് നമ്മെ അണിയിക്കേണ്ടത്. യോഗ്യരായവർക്കു
മാത്രമേ കർത്താവ് അവയെ നൽകുകയുള്ളു. ''മണവാളൻ
തലപ്പാവ് അണിയുന്നതുപോലെയും മണവാട്ടി ആഭരണ
ങ്ങളാൽ തന്നെത്താൻ അലങ്കരിക്കുന്നതുപോലെയും അവൻ
എന്നെ രക്ഷാവസ്ത്രം ധരിപ്പിച്ചു നീതി എന്ന അങ്കി
ഇടുവിച്ചിരിക്കുന്നു'' (യെശ. 61:10).

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12 45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To